(ബി) ആവശ്യമുണ്ടെങ്കിൽ കേന്ദ്രഗവണ്മെൻറുമായി ആലോചിച്ചു വിലയിടിവിനെപ്പറ്റി തീരുമാനങ്ങളും എടുക്കുന്നതാണ്.

(സി) പ്രത്യേകമായ നടപടികളൊന്നും ഗവണ്മെൻറിൽനിന്നും ഇതുവരെ സ്വീകരിച്ചിട്ടില്ല.

കണ്ടിൻജൻസിക്കാർ.

* 215. [4] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954 മാർച്ചിനുശേഷം മെഡിക്കൽ ആൻറ് പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറുകളിൽ എത്ര കണ്ടിൻജൻസിക്കാരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇവർ ആരെല്ലാം;

(സി) എവിടെയെല്ലാമാണെന്ന് പട്ടികതിരിച്ച് തരാമോ?

ഉത്തരം.

(എ) മെഡിക്കൽ ഡിപ്പാർട്ടുമെൻറ് 113. പബ്ലിക്കുഹെൽത്ത് ഡിപ്പാർട്ടുമെൻറ് 90.

(ബി, സി) വിവരങ്ങളും കാണിക്കുന്ന ഒരു പട്ടിക * ചുവടെ ചേർക്കുന്നു.

ആലുവാപ്പുഴയിലെ പാലം.

216. [6] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ആലുവാപ്പുഴയിൽ ഗതാഗതസൗകര്യത്തിനു പാലം പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പാലത്തിനു എസ്റ്റിമേറെടുക്കുവാൻ കേന്ദ്രഗവണ്മെൻറിൽനിന്നു ആരെങ്കിലും വന്നിരുന്നുവോ;

(സി) ഇപ്പോഴുള്ള റെയിൽവേ പാലത്തിൽക്കൂടി മോട്ടാർ വാഹനങ്ങളും കടത്തിക്കൊണ്ടുപോകാൻ കേന്ദ്രഗവണ്മെൻറിനോട് വേണ്ട നിവേദനങ്ങളും നടത്തുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) അങ്ങിനെ ഒരു നിവേദനം നടത്തുവാൻ ഉദ്ദേശിക്കുന്നില്ല.

പമ്പിംഗ് സബ്സിഡി.

217. [7] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാടൻ പ്രദേശങ്ങളിലെ കായൽ, പുഞ്ച, കരിനിലം എന്നീകൃഷിസ്ഥലങ്ങളിൽകൃഷിക്കാക്ക് കൊടുക്കുന്ന പമ്പിംഗ്സബ്സിഡി

* Please See Appendix VII

LIBRARY ARCHIVES Kerala Legislative Assembly

യെന്താണ്, ഏതേതു കൊല്ലങ്ങളിലെ സബ്സിഡി സക്കാരിൽനിന്നും കൊടുക്കുവാനുണ്ട്?

(ബി) പമ്പിംഗ് സബ്സിഡി ഇനത്തിൽ കാത്തിക്കുളം താലൂക്കിലെ വിയപുരം, ചെറുതന, കരുവാറ്റ എന്നീ പ്രകൃതികളിലെ കൃഷിക്കാക്ക് എന്തു തുക കൊടുക്കുവാനുണ്ടെന്നും, അവ ഏതു കൊല്ലങ്ങളിലെ ആണെന്നും പറയുമോ?

ഉത്തരം.

(എ) വെള്ളം വറ്റിക്കുന്ന ചെലവിന്റെ $\frac{1}{4}$ അംശമാണ് സബ്സിഡിയായി കൃഷിക്കാക്ക് കൊടുക്കുന്നതു്. 1127, 1128, 1129, 1130 എന്നീ കൊല്ലങ്ങളിലെ സബ്സിഡി കൊടുക്കുവാനുണ്ടു്.

(ബി) വിയപുരം, കരുവാറ്റ, ചെറുതന എന്നീ പ്രകൃതികളിലെ കർഷകക്ക് 1127, 1128, 1129 എന്നീ കൊല്ലങ്ങളിലെ വകയ്ക്ക് 18,700 രൂപയോളം കൊടുക്കുവാനുണ്ടു്.

Water Scarcity.

218. [9] **Shri T. S. Ramaswami**: Will the Minister for Health be pleased to State:

(a) is it a fact that there is water scarcity in Aramboly and adjoining Villages of Thovala Taluk, Marungoor and adjoining Villages & Cape and adjoining Villages of Agastheeswaram Taluk, the extended areas of Nagercoil town, Karingal and adjoining Villages of Vilavancode Taluk and coastal villages of North Travancore;

(b) what steps the Government took to supply water during this summer before the long range programme is implemented to these areas?

Answer.

(a) Yes.

(b) Arrangements have already been made for the supply of water in lorries to the following places.

1. Nalloor.
2. Eraviputhur.
3. Marungoor.
4. Azhakanapuram.
5. Thopoor.
6. Rajaoor.
7. Cape.
8. Karingal.
9. Parassala.

കൊട്ടാരക്കരയിലെ റോഡുകൾ.

219. [10] ശ്രീ. പി. കെ. അബ്ദുൾഖാദർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ ബസ്റ്റാന്റുകളെങ്കിലും ഉടനെ ടാറിംഗ് നടത്തണമെന്നു ചൂണ്ടിക്കാണിച്ചുള്ള നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly